**ജയവും തോൽവിയും**

ഒരു വീരയോദ്ധാവ് യുദ്ധം അവസാനിച്ചപ്പോൾ വീട്ടിലെത്തി. വിടിനുള്ളിലെ നിശബ്ദത അവനെ വേദനിപ്പിച്ചു. പട്ടിണിക്കോലങ്ങളായ ഭര്യയും മക്കളും....

ഭാര്യ പറഞ്ഞു: നമുക്ക് അരിയും പച്ചക്കറിയും തന്നിരുന്നത് അയലത്തെ രാജ്യമായിരുന്നു. യുദ്ധത്തിൽ അവിടെ ഉണ്ടായിരുന്നതെല്ലാം നശിച്ചു പോയി. യോദ്ധാവ് തളർന്ന് നിലത്തിരുന്നു